**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4365** **18-07-2022 - ൽ മറുപടിയ്ക്ക്**

**സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഓഹരി പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ ആസ്ഥാനമായ സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് (ക്ലിപ്തം നമ്പർ M 594) അതിന്റെ പ്രവർത്തന പരിധിയിൽ ഉള്ള സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ സഹകരണ വകുപ്പും, സഹകരണ വകുപ്പ് രജിസ്ട്രാറും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടയ്ക്കൽ ആസ്ഥാനമായ സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് (ക്ലിപ്തം നമ്പർ M 594) അതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും, സംഘം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം തീരെ സൗകര്യപ്രദമല്ലാത്തതിനാൽ പുതിയ ആശുപത്രി കെട്ടിട നിർമ്മാണ ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ മലപ്പുറം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും "സി" ക്ലാസ് ഓഹരി എടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 09.06.2022 ലെ 23/2022 നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>മേൽ ആവശ്യമുന്നയിച്ച ആശുപത്രി ചെയർമാൻ സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിന്, ടി ആശുപത്രിയ്ക്ക് ജില്ലയിലെ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിനുള്ള അനുമതി സഹകരണ സംഘം രജിസ്ട്രാറുടെ 09.06.2022 ലെ 23/2022 നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ 09.06.2022 ലെ 23/2022 നമ്പർ സർക്കുലർ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് സഹകരണ വകുപ്പ് രജിസ്ട്രാർ മുൻപാകെയുള്ള ഫയലിന്റെ വിശദ വിവരം | (ബി) | കോട്ടയ്ക്കൽ ആസ്ഥാനമായ സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് (ക്ലിപ്തം |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ? | | നമ്പർ M 594) അതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും, സംഘം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം തീരെ സൗകര്യപ്രദമല്ലാത്തതിനാൽ പുതിയ ആശുപത്രി കെട്ടിട നിർമ്മാണ ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ മലപ്പുറം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും "സി" ക്ലാസ് ഓഹരി എടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 09.06.2022 ലെ 23/2022 നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>മേൽ ആവശ്യമുന്നയിച്ച ആശുപത്രി ചെയർമാൻ സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിന്, ടി ആശുപത്രിയ്ക്ക് ജില്ലയിലെ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിനുള്ള അനുമതി സഹകരണ സംഘം രജിസ്ട്രാറുടെ 09.06.2022 ലെ 23/2022 നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ 09.06.2022 ലെ 23/2022 നമ്പർ സർക്കുലർ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ആർ.സി.എസ്/2719/2022/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി,09/06/2022

## സർക്കുലർ നമ്പർ.23/2022

വിഷയം:- സഹകരണ വകുപ്പ്- സി.എച്ച്.മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ എം. 594 ന്റെ 'സി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നത് -സംബന്ധിച്ച്.

സൂചന:-
1. സംഘം ഭരണസമിതിയുടെ 12/02/2022 ലെ 11-ാംനമ്പർ തീരുമാനം
2. മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 9/05/2022 ലെ ജെ.ആർ.എം.പി.എം/980/2022 നമ്പർ കത്ത്.

സി.എച്ച് മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നം.എം.594 ന് സ്ഥലം വാങ്ങുന്നതിനും ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുമായി ഓഹരി സമാഹരണം നടത്തി ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സഹകരണ സംഘങ്ങളിൽ നിന്നും 'സി' ക്ലാസ്സ് ഓഹരി സമാഹരിക്കുന്നതിനു അനുവാദത്തിനായി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന അപേക്ഷിച്ചിരിക്കുന്നു. സംഘത്തിന്റെ നിയമാവലി 6(3) പ്രകാരം മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സൂചന പ്രകാരം മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ടി സംഘത്തിന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ അപേക്ഷയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ സി.എച്ച് മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ എം. 594 ന് സഹകരണ ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും,സംഘം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം തീരെ സൗകര്യപ്രദമല്ലാത്തതിനാൽ പുതിയ ആശുപത്രി കെട്ടിട നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരാത്തതുമായ മലപ്പുറം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സി.എച്ച് മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ എം.594 -ന്റെ 'സി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നു.

ഒപ്പ്
ഡോ.അദീല അബ്ദുള്ള,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
സി.എച്ച് മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ എം. 594,കോട്ടയ്ക്കൽ,മലപ്പുറം-676 503.

പകർപ്പ്:-1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മലപ്പുറം.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി)